# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 13, ചൊവ്വ

**നമ്പർ 113**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്താൻ സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കം തൊഴിൽ രഹിതർക്കിടയിൽ സൃഷ്ടിച്ചിരിക്കുന്ന ആശങ്കമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ടി. ബൽറാമും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്ത് ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. രാജഗോപാലൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) നോട്ട് അസാധുവാക്കൽ, ജി.എസ്.ടി. നടപ്പാക്കൽ എന്നിവയിലെ അപാകതകൾമൂലം സംസ്ഥാനത്ത് വിവിധ മേഖലകൾ നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ

ആവശ്യകതയിലേക്ക് ശ്രീ. എ. പി. അനിൽ കുമാർ ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ജെയിംസ് മാത്യു | തൃച്ചംബരത്ത് എസ്.എഫ്.ഐ. പ്രവർത്തകർക്ക് നേരെയുള്ള ആർ.എസ്.എസ്. ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | എരുമേലി വിമാനത്താവളം | മുഖ്യമന്ത്രി |
| 4 | ശ്രീ. ബി. ഡി. ദേവസ്സി | ചട്ടിക്കുളം ദേശത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന വേലായുധന്റെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. അടൂർ പ്രകാശ് | കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ബഷീർ | ബഹുജന പങ്കാളിത്തത്തോടെ ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അക്കൗണ്ട് നമ്പർ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോ എബ്രഹാം | ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ കുടിശ്ശിക | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിമൂന്നാമതും പതിനാലാമതും റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്:</u>

പാർലമെന്റ്, നിയമസഭ എന്നിവ പാസ്സാക്കിയ നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നല്കി:

"2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ഒട്ടനവധി പ്രാവശ്യം ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നു വരികയും അതിന്മേലൊക്കെ കർശനമായ റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. ഏറ്റവും ഒടുവിൽ കഴിഞ്ഞ സമ്മേളനകാലത്ത് (9-ാം സമ്മേളനം) 6-2-2018-ന് 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്ട്, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം ഉന്നയിക്കപ്പെടുകയും വളരെ കർശനമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്.

നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾ, അവ ഏതുതന്നെ ആയാലും, അതിനനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നു എന്നത് ഖേദകരമാണ്. അത്തരം ഓരോ നിയമത്തിന്റെയും പേരിൽ ക്രമപ്രശ്നങ്ങൾ ആവർത്തിച്ചാവർത്തിച്ച് സഭയിൽ ഉയർന്നുവരുന്നതും പ്രത്യേകമായ റൂളിംഗ് നൽകേണ്ടിവരുന്നതും ആശാസ്യമായ കാര്യമല്ല.

ഒരു നിയമം പാസ്സാക്കി കഴിഞ്ഞാൽ 90 ദിവസത്തിനകം അതനുസരിച്ചുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 238-ൽ ഉണ്ടായിട്ടുപോലും അവ പാലിക്കപ്പെടാതെ പോകുന്നതെന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ടവർ ഗൗരവപൂർവ്വം പരിശോധിക്കണമെന്നാണ് ചെയറിന് ആവർത്തിച്ച് പറയാനുള്ളത്.

അതോടൊപ്പം, എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്ക് അനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണമെന്നും ഇതിനായി നിയമവകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു."

ധനകാര്യം:

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു.

XVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 7, 8, 9, 12, 13, 15, 18, 20, 21, 23, 25, 27, 30 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 5, 6, 7, 8, 9, 11, 13, 14 , 16, 18, 19, 20, 23, 24, എന്നീ ഖണ്ഡനോപക്ഷേപങ്ങളും XLVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 6, 7, 8, 9, 10, 12, 14, 16, 17, 18, 19, 20,21, 24 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. പി. സി. ജോർജ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാക്ക്

ശ്രീ. കെ. രാജൻ

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. എം. ഉമ്മർ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. വി. എസ്. ശിവകുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX, XLVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

<u>നിയമനിർമ്മാണ കാര്യം:</u>

(i) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവല്ക്കരിക്കൽ) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന ബില്ലിനോടൊപ്പം മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഹൈബി ഈഡൻ ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. എൻ. എ. ഖാദർ പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു. ശ്രീ. ഷാഫി പറമ്പിൽ ചുതലപ്പെടുത്തിയതനുസരിച്ച് പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. പി. സജീന്ദ്രനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു

(ii) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന ബില്ലിനോടൊപ്പം മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ശ്രീ. അടൂർ പ്രകാശ് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. വി. എസ്. ശിവകുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പി. അനിൽ കുമാർ പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു. ശ്രീ. എസ്. ശർമ്മ ചുമതലപ്പെടുത്തിയപ്രകാരം പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. രാജഗോപാലനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. വി. ടി. ബൽറാമും അവതരിപ്പിച്ചു. മന്ത്രിയുടെ മറുപടിക്കുശേഷം നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2018 മാർച്ച് 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.11- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings )

*Tuesday, March 13, 2018*

**No. 113**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri V. T. Balram and two other Members regarding the serious situation reported to have arisen consequent to the reported move of the Government to raise the retirement age of K.S.R.T.C. employees to 60 years ~~job opportunities.~~ which created apprehension among the unemployed.

In protest against the attitude of the Government in this matter the Members belonging to the opposition staged a walk out.

*Calling Attention:*

(1) Shri M. Rajagopalan called the attention of the Minister for Labour and Excise to the necessity to find solution to the crisis being faced by the beedi industry in the State. The Minister made a statement thereto.

(2) Shri A. P. Anil Kumar called the attention of the Minister for Finance and Coir to the necessity to solve the reported financial crisis faced by various sectors in the State due to defects in invalidation of currency notes and implementation of GST. The Minister made a statement thereto.

KNPP. 799/2018 (ii).

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ജെയിംസ് മാത്യു | തൃച്ചംബരത്ത് എസ്.എഫ്.ഐ. പ്രവർത്തകർക്ക് നേരെയുള്ള ആർ.എസ്.എസ്. ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | എരുമേലി വിമാനത്താവളം | മുഖ്യമന്ത്രി |
| 4 | ശ്രീ. ബി. ഡി. ദേവസ്സി | ചട്ടിക്കുളം ദേശത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന വേലായുധന്റെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. അടൂർ പ്രകാശ് | കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. കെ. ബഷീർ | ബഹുജന പങ്കാളിത്തത്തോടെ ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അക്കൗണ്ട് നമ്പർ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോ എബ്രഹാം | ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ കുടിശ്ശിക | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The Thirteenth and Fourteenth Reports of the Committee on Subordinate Legislation were presented.

*Ruling By the Speaker:*

The Speaker gave the following Ruling a point of order raised by Shri V. D. Satheesan regarding the delay in framing the Rules relating to the Laws passed by Parliament and Legislature.

"2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്; 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് ഒട്ടനവധി പ്രാവശ്യം ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നു വരികയും അതിന്മേലൊക്കെ കർശനമായ റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. ഏറ്റവും ഒടുവിൽ കഴിഞ്ഞ സമ്മേളനകാലത്ത് (9-ാം സമ്മേളനം) 6-2-2018-ന് 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്ട്, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം ഉന്നയിക്കപ്പെടുകയും വളരെ കർശനമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്.

നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾ, അവ ഏതുതന്നെ ആയാലും, അതിനനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നു എന്നത് ഖേദകരമാണ്. അത്തരം ഓരോ നിയമത്തിന്റെയും പേരിൽ ക്രമപ്രശ്നങ്ങൾ ആവർത്തിച്ചാവർത്തിച്ച് സഭയിൽ ഉയർന്നു വരുന്നതും പ്രത്യേകമായ റൂളിംഗ് നൽകേണ്ടിവരുന്നതും ആശാസ്യമായ കാര്യമല്ല.

ഒരു നിയമം പാസ്സാക്കി കഴിഞ്ഞാൽ 90 ദിവസത്തിനകം അതനുസരിച്ചുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 238-ൽ ഉണ്ടായിട്ടുപോലും അവ പാലിക്കപ്പെടാതെ പോകുന്നതെന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ടവർ ഗൗരവപൂർവ്വം പരിശോധിക്കണമെന്നാണ് ചെയറിന് ആവർത്തിച്ച് പറയാനുള്ളത്.

794/18(ii)

അതോടൊപ്പം, എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്ക് അനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണമെന്നും ഇതിനായി നിയമവകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു."

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2018-2019</u>

Smt. K. K. Shailaja Teacher, Minister for Health and Social Justice moved Demand No. XVIII—Medical and Public Health, Demand No. XIX—Family Welfare and Demand No. XLVI—Social Security and Welfare for the amounts shown against them under column No.5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these demands.

The cut motion Nos. 2, 7, 8, 9, 12, 13, 15, 18, 20, 21, 23, 25, 27 and 30 in the list of cut motions for Demand No. XVIII, the cut motion Nos. 3, 5, 6, 7, 8, 9, 11, 13, 14 , 16, 18, 19, 20, 23 and 24 in the list of cut motions for Demand No. XIX and cut motion Nos. 1, 2, 6, 7, 8, 9, 10, 12, 14, 16, 17, 18, 19, 20, 21 and 24 in the list of cut motions for Demand No. XLVI were moved.

The following Members took part in the discussion:

Smt. Veena George

Shri K. S. Sabarinathan

Shri G. S. Jayalal

Shri V. K. Ebrahim Kunju

Shri K. B. Ganseh Kumar

Shri P. C. George

Shri U. R. Pradeep

Shri Roshy Augustine

Smt. U. Prathibha Hari

Shri Karat Razack

Shri K. Rajan

Shri Eldose P. Kunnappillil

Shri M. Ummer

Shri Purushan Kadalundy

Shri V. S. Sivakumar.

Smt. K. K. Sailaja Teacher, Minister for Health and Social Justice replied to the points raised during the discussion. The cut motions were declared lost. Then the Demand No. XVIII, XIX and XLVI were put to vote and passed.

*Legislative Business:*

(i) Smt. K. K. Shailaja Teacher, Minister for Health and Social Justice introduced the Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018 and moved that the Bill be referred to Subject Committee XII and laid a statement under Rule 75 (1) along with the Bill. Shri Hibi Eden as authorised by Shri Anwar Sadath moved the ordinance disapproval motion and spoke. Shri K. N. A. Khader as authorised by Shri Manjalamkuzhi Ali seconded the motion and spoke. Shri V. P. Sajeendran as authorised by Shri Shafi Parambil moved an amendment to circulate the Bill for eliciting public opinion and Shri E. K. Vijayan moved another amendment for referring the Bill to a Select Committee, and spoke. After the reply by the Minister the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House and the Bill was then referred to Subject Committee-XII—Health and Family Welfare.

(ii) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs as authorised by Minister for Co-operation,Tourism and Devaswoms introduced the Madras Hindu Religious and Charitable Endowments (Amendment) Bill, 2018 and moved that

the Bill be referred to Subject Committee II and laid a statement under Rule 75 (1) along with the Bill. Shri Adoor Prakash moved the ordinance disapproval motion and spoke. Shri A. P. Anil Kumar as authorised by Shri V. S. Sivakumar seconded the motion and spoke. Shri M. Rajagopalan as authorised by Shri S. Sarma moved an amendment to circulate the bill for eliciting public opinion and Shri V. T. Balram as authorised by Shri Roji M. John moved another amendment for referring the bill to a Select Committee and spoke. After the reply by the Minister the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House and the Bill was referred to Subject Committee II—Land Revenue and Devaswoms.

The House adjourned at 5.11 p.m. to meet again at 8.30 a.m on Wednesday, March 14, 2018.

V. K. BABU PRAKASH,
*Secretary.*